വാരാന്ത്യ

കാരവൽ

2021 ജൂലായ് 24 ശനി

സിക്ക: ഭീഷണിയായി മറ്റൊരു വൈറസ് കൂടി

കോവിഡ് ആശങ്കയിൽ നിന്നു നാം ഇനിയും പൂർണ്ണമായി മോചിതരാവാനിരിക്കുന്നതേയുള്ളൂ. അതിനിടയിൽ കോവിഡിന്റെ വകഭേദങ്ങളെക്കുറിച്ചും മുന്നറിയിപ്പുകൾ വന്നുകൊണ്ടിരിക്കുന്നു. ഇതോടൊപ്പം മറ്റൊരു വൈറസ് രോഗമായ സിക്കയും ഭീഷണിയായിട്ടുണ്ട്. ഡങ്കിപ്പനിയും പകർച്ച വ്യാധികളും ജനജീവിതത്തിന് അസ്വസ്ഥതയുണ്ടാക്കുന്നു.

രോഗങ്ങളെ കുറിച്ചു ശരിയായ അവബോധമില്ലാത്തതാണ് രോഗങ്ങൾ ഉണ്ടാകുന്നതിനും അവയുടെ വ്യാപനത്തിനും ഇടയാക്കുന്നത്. മനുഷ്യന്റെ നേരിയ അശ്രദ്ധ മാനവസമൂഹത്തിനു തന്നെ വെല്ലുവിളിയുയർത്തുന്ന സാഹചര്യം ഉണ്ടാക്കാറുണ്ട്. രോഗവ്യാപനത്തിൽ ഇതു കൂടുതൽ പ്രകടവുമാണ്.

ശുദ്ധജലത്തിൽ മുട്ടയിട്ടുവളരുന്ന ഈഡിസ് ഈജിപ്റ്റി എന്ന കൊതുകുകളാണ് സിക്ക രോഗം പരത്തുന്നത്. മഴയ്ക്കുശേഷം ടയറുകളിലും ചിരട്ടകളിലും ടെറസ്സിലുമൊക്കെ കെട്ടിനിൽക്കുന്ന വെള്ളത്തിൽ മാത്രമല്ല, വീട്ടിനുള്ളിലെ എസിക്കടുത്തും ബാത്ത്റൂമിലും ഫ്രിഡ്ജിനടിയിലുമൊക്കെ കെട്ടിനിൽക്കുന്ന വെള്ളത്തിലും ഈഡിസ് കൊതുകു മുട്ടയിടുന്നു.

രാവിലെയും വൈകുന്നേരങ്ങളിലുമാണ് ഈ കൊതുകുകളെ കൂടുതലായി കാണുന്നത്. കറുപ്പുനിറവും കൈകാലുകളിൽ സീബ്ര വരകളുമാണ് ഈ കൊതുകുകളുടെ അടയാളം.

പെൺകൊതുകുകളാണ് സിക്ക രോഗം പരത്തുന്നത്. ശാരീരികക്ഷീണമാണ് ഈ രോഗത്തിന്റെ ആദ്യ ലക്ഷണം. നേരിയ പനി, തലവേദന, ശരീരവേദന, സന്ധിവേദന, ശരീരത്തിൽ ചുവന്നപാടുകൾ, ചെങ്കണ്ണ് എന്നിവയാണ് മറ്റു രോഗലക്ഷണങ്ങൾ.

സിക്ക ഒരു മാരക രോഗമല്ല. കൊതുകു കടിക്കുന്നതോടെ മനുഷ്യ ശരീരത്തിൽ കടക്കുന്ന വൈറസുകൾ പെട്ടെന്നു വ്യാപിക്കുന്നു. മൂന്നുമുതൽ 14 ദിവസങ്ങൾക്കുള്ളിൽ പെരുകുകയുമാണ് പതിവ്. ഗർഭിണികൾക്കു കൊതുകുകടിയേറ്റാൽ അതു ഗർഭസ്ഥ ശിശുക്കളെയും ബാധിക്കുന്നതാണ്. രക്തം സ്വീകരിക്കുന്നതു വഴിയും സിക്ക രോഗം പകരാറുണ്ട്. ഗർഭസ്ഥ ശിശുക്കൾക്ക് ഈ രോഗബാധയിലൂടെ മൈക്രോസെതാലി എന്ന രോഗം ഉണ്ടാകാനുള്ള സാധ്യതയുണ്ട്. കുഞ്ഞുങ്ങളുടെ തല സാധാരണ വലുപ്പത്തേക്കാൾ ചെറുതാകാൻ ഇത് ഇടയാക്കിയേക്കും. തലച്ചോറിന്റെ വളർച്ചയേയും ബാധിക്കും. ഈ രോഗം അമ്മയിൽ നിന്നു ഗർഭസ്ഥ ശിശുവിലേക്കു പടരുന്നതാണ് ഏറ്റവും അപകടകരം. ഇതുവഴി ജനിതക വൈകല്യം ഉണ്ടാകാൻ സാധ്യതയുണ്ട്. മറ്റുള്ളവ ചികിത്സിച്ചു ഭേദമാക്കാവുന്നതേയുള്ളൂ.

ഈ രോഗത്തിനു വാക്സിൻ കണ്ടെത്താനുള്ള ഗവേഷണങ്ങൾ തുടരുന്നുണ്ട്. ഇന്ത്യയിൽ 2017 ലാണ് ഈ രോഗം ആദ്യമായി കണ്ടെത്തിയത്. മഹാരാഷ്ട്രയിലായിരുന്നു അത്. സംസ്ഥാനത്ത് ഈ മാസം ആദ്യം തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിൽ ഈ രോഗം കണ്ടെത്തി. 19 പേർക്കാണ് അവിടെ സിക്ക രോഗം സ്ഥിരീകരിച്ചത്. മറ്റു പ്രദേശങ്ങളിലും ഈ രോഗം നാമമാത്രമായെങ്കിലും അനുഭവപ്പെടുന്നുണ്ട്.

ഡെങ്കിപ്പനി, ചിക്കൻ ഗുനിയ തുടങ്ങിയ രോഗങ്ങൾ പരത്തുന്നത് ഈ രോഗം വ്യാപിപ്പിക്കുന്ന കൊതുകുകൾ തന്നെയാണ്. ഫ്രഞ്ച് ഫിസിഷ്യനായ ജീൻ ലാൻഡ്രിയാണ് ഈ രോഗം ആദ്യം നിരീക്ഷണ വിധേയമാക്കിയത്. 1859ലായിരുന്നു അത്. ഉഗാണ്ടയിലെ സിക്ക വനത്തിലെ വാനരന്മാർക്കു 1947ൽ ഈ രോഗം കണ്ടെത്തിയിരുന്നു. 1952ൽ മനുഷ്യരിൽ ഈ രോഗം ബാധിച്ചു. അന്നു 14 പേരിലാണ് ഈ രോഗം കണ്ടെത്തിയത്. എല്ലാവർക്കും ഒരേ രോഗലക്ഷണമായിരുന്നു.

സിക്ക രോഗലക്ഷണം സാധാരണ രോഗങ്ങളുടെ ലക്ഷണമായതിനാൽ അതു രേഖപ്പെടുത്താതെ പോവുകയായിരുന്നു.

ഈ രോഗം വലിയതോതിൽ വ്യാപിച്ചതു 2007ൽ മൈക്രോനേഷ്യയിലെ യാപ് ദ്വീപിലായിരുന്നു. അതുവരെ ആഫ്രിക്കയ്ക്കു പുറമെ തെക്കു കിഴക്കൻ ഏഷ്യ, പെസഫിക് ദ്വീപുകൾ എന്നിവിടങ്ങളിലും ഈ രോഗം പ്രകടമായിരുന്നു.

2016ലെ വേനൽ ക്കാലത്തു ദക്ഷിണ-മധ്യ അമേരിക്കയിൽ സിക്ക രോഗം പ്രകടമായതോടെ ഈ രോഗം വലിയ വാർത്താ പ്രാധാന്യം നേടുകയും ലോക ആരോഗ്യമേഖല ഇതിനെക്കുറിച്ചു വ്യാപകപഠനം ആരംഭിക്കുകയും ചെയ്തു. അമേരിക്കയിൽ അന്ന് അരദശലക്ഷത്തോളമാളുകൾക്ക് ഈ രോഗം ബാധിച്ചു. 3700 കുട്ടികളിൽ ജനിതക വൈകല്യം കണ്ടെത്തുകയും ചെയ്തു.അതേ വർഷം തന്നെ ലോകാരോഗ്യ സംഘടന ഈ രോഗത്തിനെതിരെ അന്തർദേശീയ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു. കൊതുകുകൾ അധികമുള്ള സ്ഥലങ്ങളിലാണ് ഈ രോഗം കൂടുതലുണ്ടാവുന്നത്. ഇതു മനുഷ്യരിൽ നിന്നു പടരുന്നില്ല. ഇപ്പോൾ ലോകത്തിലെ 87 രാജ്യങ്ങളിൽ ഈ രോഗം കണ്ടെത്തിയിട്ടുള്ളതായി ലോകാരോഗ്യ സംഘടന വ്യക്തമാക്കിയിട്ടുണ്ട്. ഏഷ്യയിൽ ഈ രോഗം ഏറ്റവും കൂടുതൽ കണ്ടെത്തിയിട്ടുള്ളത് ഇന്ത്യയിലാണ്. 2018 നവംബറിൽ 568 പേർക്കും 2019 ജൂണിൽ 48 പേർക്കും ഈ രോഗം ബാധിച്ചിരുന്നു.

ഈഡിസ് കൊതുകുകൾ കരീബിയ, മധ്യ-ദക്ഷിണ അമേരിക്ക, ദക്ഷിണപൂർവ ഏഷ്യ, മധ്യആഫ്രിക്ക എന്നിവിടങ്ങളിലാണ് കൂടുതലായി കാണപ്പെടുന്നത്.

ജോർജസ് ഗിപ്പായിൻ, ജീൻ അലക്സാണ്ടർ ബാരെ എന്നിവരാണ് ഈ രോഗവും അതിന്റെ ലക്ഷണങ്ങളും രോഗവ്യാപനവും കണ്ടെത്തിയത്. ശരീരത്തിന്റെ രോഗപ്രതിരോധ ശേഷിയെ സിക്ക വൈറസുകൾ അക്രമിക്കുകയും സുഷുമ്നാനാഡിയേയും തലച്ചോറിനു പുറത്തുള്ള നെർവുകളെയും ബാധിക്കുകയും ചെയ്യുമെന്നു ഗുയിലിയൻ ബാരെ കണ്ടെത്തിയിട്ടുണ്ട്.

കൊതുകുകളെ ഇല്ലാതാക്കുകയോ, കൊതുകുകളുടെ കടിയിൽ നിന്നു രക്ഷപ്പെടുകയോ ആണ് ഈ രോഗത്തിനുള്ള ഫലപ്രദമായ പ്രതിരോധ മാർഗ്ഗം. ജീവിചസാഹചര്യങ്ങളിൽ മാറ്റമുണ്ടാവുന്നതിനനുസരിച്ചു പരിസരശുചീകരണം ഉറപ്പാക്കാനാകാത്തതു സിക്കയ്ക്കു മാത്രമല്ല, പല പകർച്ച വ്യാധികൾക്കും കാരണമാവുകയാണ്.

ഡോ. സൂര്യ എം എസ്



ഉപനിഷത് സാഗരം; പ്രശ്നോപനിഷത്ത് (തുടർച്ച)

അതിസൂക്ഷ്മമായ അധ്യാത്മരഹസ്യം

മന്ത്രം പതിമൂന്ന്:

പ്രാണസ്യേദം വംശസർവ്വം
ത്രിദിവേയത് പ്രതിഷ്ഠിതം
മാതേവ പുത്രാൻ രക്ഷസ്വ ശ്രീശ്ച
പ്രജ്ഞാം ചവിധേഹിനഃഇതി

ഈ ലോകത്തിൽ യാതൊന്നൊക്കെയുണ്ടോ അതെല്ലാം പ്രാണനിൽ, പ്രതിഷ്ഠിതമാണ്. അതുപോലെ സ്വർഗ്ഗലോകത്തിൽ യാതൊന്നുണ്ടോ അതെല്ലാം തന്നെ പ്രാണനിൽ പ്രതിഷ്ഠിതമാണ്. അതു കൊണ്ട് ഹേ പ്രാണ, ഞങ്ങൾക്ക് സർവ്വ വിധ ശക്തിയും ഐശ്വര്യവും സദ്ബുദ്ധിയും നൽകി അനുഗ്രഹിക്കേണമേയെന്ന് പ്രാർത്ഥിച്ചു കൊണ്ട് ഇന്ദ്രിയങ്ങൾ പ്രാണന്റെ സ്തുതി അവസാനിപ്പിക്കുന്നു. പ്രപഞ്ചത്തിന് മുഴുവൻ ആധാരമായ പ്രാണ ശക്തിയായ ഹിരണ്യ ഗർഭൻ തന്നെയാണ് വൃഷ്ടി ശരീരത്തെ ചൈതന്യവത്താക്കുന്ന പ്രാണനും. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഈ പ്രപഞ്ചത്തെയും വ്യക്തി ശരീരത്തെയും പ്രവർത്തിപ്പിക്കുന്നത് ഒരേ പ്രാണനാണ് എന്നു സമർത്ഥിച്ചു കൊണ്ട് പിപ്പലാദ മുനി ഭാർഗ്ഗവനെന്ന ശിഷ്യന്റെ ചോദ്യത്തിനുള്ള ഉത്തരത്തോടെ രണ്ടാം പ്രശ്നം സമാപിക്കുന്നു.

മൂന്നാം പ്രശ്നം

പിപ്പലാദ മുനിയുടെ ശിക്ഷണത്തിൽ ഒരു വർഷക്കാലമായി സഹവസിച്ച് സാധനകളനുഷ്ഠിച്ചുവരുന്ന ആ ശിഷ്യന്മാരും ഗുരുവിന്റെ മുഖത്തു നിന്ന് നിർഗ്ഗളിക്കുന്ന ആത്മ വിദ്യയുടെ നറുമുത്തുകളെ ശ്രദ്ധാപൂർവ്വം ശേഖരിച്ചുകൊണ്ടിരുന്നു. കഴിഞ്ഞ രണ്ടു പ്രശ്നങ്ങൾക്കും ഗുരു നൽകിയ ഉത്തരങ്ങൾ അവർക്കു കൂടുതൽ കൂടുതൽ ചോദ്യങ്ങളുന്നയിക്കാൻ പ്രേരണ നൽകി. അപ്രകാരം പ്രാണനെ സംബന്ധിക്കുന്ന ഭാർഗ്ഗവന്റെ സംശയങ്ങൾക്ക് ഗുരു നൽകിയ ഉത്തരത്തിൽ തൃപ്തനാകാതെ അശ്വല പുത്രനായ കൗസല്യൻ പ്രാണനെ സംബന്ധിക്കുന്ന കൂടുതൽ കാര്യങ്ങൾ അറിയുവാനായി മുന്നോട്ടുവന്നു. വൃഷ്ടി ജീവനാണ് ആ ശരീരത്തിന് അധിഷ്ഠാനമെന്നതു പോലെ സമഷ്ടി പ്രാണനാണ് ഈ പ്രപഞ്ചത്തെ നിലനിർത്തുന്നത് എന്ന് മനസ്സിലാക്കിയ കൗസല്യൻ പ്രാണനെക്കുറിച്ചുള്ള തന്റെ ആദ്യ സംശയങ്ങൾ മൂന്നാമത്തെ പ്രശ്നമായി അടുത്ത മന്ത്രത്തിലൂടെ ഉന്നയിക്കുന്നു.

മന്ത്രം ഒന്ന്:

അഥഹൈനം കൗസല്യശ്ചാശ്വലായന:
പപ്രച്ഛ ഭഗവൻ, കുത ഏഷ പ്രാണോജായതേ,
കഥമായത്മസ്മിൻ ശരീരേ, ആത്മാനം വാ
പ്രവിഭജ്യകഥം പ്രാതിഷ്ഠതേ, കേനോത്ക്രമതേ, കഥം
ബാഹ്യമഭിധത്തേ, കഥ മദ്ധ്യേത്മമിതി.

ആറുചോദ്യങ്ങളാണ് പ്രാണനെ സംബന്ധിക്കുന്നതായി അദ്ദേഹം ചോദിക്കുന്നത്.

ഒന്ന്: ഏഷ പ്രാണ: കുത ജായതേ (ഈ പ്രാണൻ എവിടെ നിന്നാണ് ഉണ്ടാവുന്നത്)?

രണ്ട്: കഥം അസ്മിൻ ശരീരേ ആയാതി (എപ്രകാരമാണ് ഈ ശരീരത്തിൽ വരുന്നത്)?

മൂന്ന്: ആത്മാനം വിഭജ്യ കഥം പ്രാതിഷ്ഠതേ (സ്വയംവിഭജിച്ച് എങ്ങനെ ശരീരത്തിൽ സ്ഥിതി ചെയ്യുന്നു)?

നാല്: കേന ഉത്ക്രമതേ (എപ്രകാരമാണ് ഈ പ്രാണൻ പുറത്തു പോകുന്നത്) ?

അഞ്ച്: കഥം ബാഹ്യം അഭിധത്തേ (എപ്രകാരമാണ് ബാഹ്യമായിട്ടുള്ളതിനെ (അതിഭൂതവും അധിദൈവവുമായിട്ടുള്ളതിനെ) ധരിക്കുന്നു?)

ആറ്: കഥം അദ്ധ്യാത്മം ഇതി(എങ്ങനെ അദ്ധ്യാത്മമായിട്ടുള്ളതിനെ ധരിക്കുന്നു? എന്ന്)

ഇവിടെ കൗസല്യ മുനിയിൽ കൂടി നമുക്കോരോരുത്തർക്കും വേണ്ടിയാണീ ചോദ്യം ഉപനിഷത്ത് ഋഷി ചോദിക്കുന്നത്. മനുഷ്യനടക്കം എണ്ണമറ്റ ജീവരാശികളിൽ പ്രാണ രൂപത്തിൽ ആത്മാവ് എവിടെ നിന്നാണ് ഈ ശരീരത്തിൽ പ്രവേശിക്കുന്നത് അത് സ്വയം വിഭജിച്ച പഞ്ച പ്രാണനായി ശരീരത്തിൽ നിലനിൽക്കുന്നത് ഏപ്രകാരമാണ്. ശരീര പതനസമയത്ത്, അഥവാ മരണവേളയിൽ ഈ പ്രാണൻ എങ്ങനെയാണ് ദേഹം വിട്ടുപോകുന്നത്, അധിഭൗതികവും ആധി ദൈവികവും അദ്ധ്യാത്മവുമായുള്ള പരസ്പര്യം ഏതുവിധമാണ് എന്നിങ്ങനെയുള്ള മൗലികമായ സംശയങ്ങൾ സ്വാഭാവികമായും ഒരു ആദ്ധ്യാത്മിക വിദ്യാർത്ഥിയിൽ അഥവാ സാധകനിൽ ഉയർന്നുവരാം. ഈ ആറു ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളാണ് തുടർന്ന് പിപ്പലാദമുനി നൽകുന്നത്.

മന്ത്രം രണ്ട്:

തസ്മൈ സോഹാവാചാതി പ്രശ്നാൻ
പൃച്ഛസി, ബ്രഹ്മിഷ്ടോ സിതി തസ്മാ ത്തേഹം ബ്രവീമി

ശിഷ്യന്റെ ചോദ്യം കേട്ടപ്പോൾ പിപ്പലാദമുനിയുടെ നെറ്റിയൊന്നു ചുളിഞ്ഞു. അദ്ദേഹം അവനോടു പറഞ്ഞു. നീ അതിപ്രശ്നമാണ് ചോദിക്കുന്നത്. അതിസൂക്ഷ്മമായ അധ്യാത്മ രഹസ്യമാണ് നിന്റെ ചോദ്യത്തിന്റെ ഉത്തരം. എന്നാൽ നിന്റെ ഒരു വർഷക്കാലത്തെ ആശ്രമ ജീവിതത്തിൽ നിന്നും നീ ഒരു ബ്രാഹ്മനിഷ്ഠനാണെന്നും ആത്മജ്ഞാനം സ്വീകരിക്കാൻ അധികാരിയാണെന്നും ഞാൻ മനസ്സിലാക്കുന്നു. അതിനാൽ നിന്റെ ചോദ്യത്തിനുള്ള ഉത്തരം അതീവ ഗഹനമാണെങ്കിലും നിനക്കു ഞാൻ പറഞ്ഞു തരാം.

ജപതപാദികൾകൊണ്ട് പാകമായ സൂക്ഷ്മബുദ്ധികൊണ്ടേ അത്യന്തം ഗഹനമായ വേദാന്തതത്വം ഗ്രഹിക്കാനാകൂ. ശിഷ്യന്മാരുടെ ആന്തരികമായ പാകത പരീക്ഷിച്ചറിഞ്ഞതിനു ശേഷം മാത്രമേ ഗുരുക്കന്മാർ ജ്ഞാനങ്ങളിൽ വെച്ച് ഉത്തമ ജ്ഞാനമായ ആത്മതത്വം അവരെ ഉപദേശിക്കാൻ തയ്യാറാകൂ. ഇവിടെ കൗസല്യനടക്കമുള്ള ശിഷ്യന്മാരുടെ പാത്രത്തിന്റെ അർഹതയെ പരീക്ഷിച്ചറിഞ്ഞ് തൃപ്തനായ ആചാര്യൻ ചോദ്യത്തിനുള്ള ഉത്തരം പറയാനാരംഭിച്ചു.

മന്ത്രം മൂന്ന്: ആത്മന ഏഷ പ്രാണോ ജായതേ
യഥൈഷാ പുരുഷേ ഛായൈതസ്മിന്നേതദാ-
തതം, മനോകൃതേനായാത്യസ്മിൻ ശരീരേ.

ശിഷ്യന്റെ ആദ്യത്തെ രണ്ടു ചോദ്യങ്ങൾക്കുള്ള ഉത്തരമാണിത്. പരമാത്മാവിൽ നിന്നാണ് ഈ പ്രാണൻ ജനിക്കുന്നത്. ഏപ്രകാരമാണോ മനുഷ്യന്റെ നിഴൽ നിലനിൽക്കുന്നത്, അപ്രകാരം പരമാത്മാവിനെ ആശ്രയിച്ച് പ്രാണൻ ശരീരത്തിൽ നിലനിൽക്കുന്നു. മനസ്സിന്റെ സങ്കൽപ്പത്താലാണ് പ്രാണൻ അതാത് ശരീരങ്ങളിൽ പ്രവേശിക്കുന്നത്. വെളിച്ചം, ജലം തുടങ്ങിയ ഉപാധികളിലൂടെയാണ് പ്രതിബിംബമായും നിഴലായും കാണുന്നത്. അതുപോലെ മനസ്സടക്കമുള്ള സൂക്ഷ്മ ശരീരമെന്ന ഉപാധിയിൽ കൂടിയാണു പരമാത്മാവ് പ്രാണരൂപേണ ശരീരത്തിൽ പ്രവേശിക്കുന്നത്. വെള്ളവും വെളിച്ചവുമില്ലെങ്കിൽ പ്രതിബിംബം ബിംബത്തിൽ ഒതുങ്ങി നിൽക്കുന്നതുപോലെ ശരീരാദി ഉപാധിയുടെ അഭാവത്തിൽ പ്രാണൽ പരമാത്മാവിൽ ഒതുങ്ങിനിൽക്കുന്നു.

തുടരും

കെ. ബാലചന്ദ്രൻ

അദ്ധ്യാത്മ രാമായണങ്ങൾ

ശ്രീരാമൻ മഹാവിഷ്ണുവിന്റെ അവതാരമാണെന്ന പ്രസ്താവന വാൽമീകി രാമായണത്തിൽ നാല് സന്ദർഭങ്ങളിൽ മാത്രമാണുള്ളത്. ബാലകാണ്ഡത്തിൽ ദശരഥന്റെ പുത്രകാമേഷ്ടിയിൽ പങ്കെടുത്ത മഹാവിഷ്ണുവിനോട് ദേവന്മാർ രാവണ പീഢയുണർത്തിച്ചു. താൻ ദശരഥപുത്രനായി അവതരിച്ച്, രാവണവധം നടത്താമെന്ന് അവർക്കു കൊടുത്ത ഉറപ്പാണ് ഒന്നാമത്തേത്. യുദ്ധകാണ്ഡത്തിൽ ഇന്ദ്രജിത്തിന്റെ നാഗാസ്ത്രബന്ധനത്തിൽ നിന്ന് രാമലക്ഷ്മണൻമാരെയും വാനരന്മാരെയും ഗരുഡൻ മുക്തരാക്കി. അപ്പോൾ രാമന്റെ ചോദ്യത്തിന് ഗരുഡന്റെ മറുപടിയാണ് രണ്ടാമത്തേത്. മൂന്നാമത്തേതു രാവണവധത്തിനു ശേഷം, മണ്ഡോദരീവിലാപത്തിൽ, നാലാമത്തേത് സീതയുടെ അഗ്നിപ്രവേശവേളയിൽ, രാമനോടുള്ള ബ്രഹ്മവാക്യത്തിലും -ഭഗവാൻ നാരായണോ വിഷ്ണുശംഖചക്രഗദാധര: ഈ സൂചനകളെ പെരുപ്പിച്ച് രാമഭക്തി പ്രസ്ഥാനക്കാർ, നീകാവ്യങ്ങൾ രചിച്ചു. നാലു മൂലകളിൽ വച്ച കൊച്ചുതിരികൾ, അനേകം തിരികളുള്ള ദീപസ്തംഭങ്ങളായി മാറി-അഥവാ തീപന്തങ്ങളായി മാറി. രാമനെ ദേവാവതാരമായി പുകഴ്ത്തിയ അവയെ പൊതുവിൽ അദ്ധ്യാത്മ രാമായണങ്ങൾ എന്നു കരുതാം. കവികൾ പേരുമാറ്റിയാലും എല്ലാറ്റിന്റേയും ആത്മാവ് ആത്മീയത തന്നെ.

രാമഭക്തി പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ രാമാനന്ദൻ, എ ഡി 1550 നോടടുത്ത് സംസ്കൃതത്തിൽ രചിച്ച അദ്ധ്യാത്മരാമായണമാണ്, ഇക്കൂട്ടത്തിൽ ഒന്നാമത്തേത്. ശ്രീരാമനെ പരമാത്മാവായും സീതയെ മൂല പ്രകൃതിയായുമാണ് ഇതിൽ വിഭാവനം ചെയ്തിട്ടുള്ളത്. മൂല പ്രകൃതിയുടെ ഇച്ഛാനുസാരം പരമാത്മാവ് സൃഷ്ടി സ്ഥിതി സംഹാരങ്ങൾ നിർവ്വഹിക്കുന്നു. പണ്ടത്തെ സംസ്കൃത കവികൾക്ക് ഒരു സ്വഭാവമുണ്ട്. തങ്ങളുടെ രചനകൾ ഏതെങ്കിലും ദേവന്റെ പേരിൽ ചാർത്തും. ആ ഭാഷയിൽ അക്ഷരമാലയുടെ ഉപജ്ഞാതാവ് ശ്രീപരമേശ്വരനാണ്. അദ്ദേഹമാണ് വ്യത്തശാസ്ത്രം ദേവേന്ദ്രന് ഉപദേശിച്ചത്. ശ്രീരാമദേവനാണ് അധ്യാത്മരാമായണം ശിവന് ഉപദേശിച്ചത്. ശിവനിൽ നിന്ന് ശ്രീപാർവ്വതിയും അതുഗ്രഹിച്ചു. ലോകപിതാക്കളായ ഉമാമഹേശ്വരന്മാർ ഏപ്പോഴും രാമനാമം ജപിച്ചുകൊണ്ടിരിക്കുന്നു. അധ്യാത്മരാമചരിതം രാമേണോക്തം പുരാമമ. (അധ്യാത്മരാമായണം പണ്ട് രാമൻ എനിക്ക് ഉപദേശിച്ചു) എന്ന് ഉമാമഹേശ്വര സംവാദത്തിൽ കാണാം. രാമന്റെ അയനമാണ് രാമായണം. അദ്ധ്യാത്മരാമായണമാകട്ടെ രാമനെപ്പറ്റിയുള്ള നാമങ്ങളുടെ അയനവും. വനവാസക്കാലത്ത് രാമൻ സന്ദർശിക്കുന്ന ആശ്രമങ്ങളിലെ മഹർഷിമാർ വൈഷ്ണവാശമായ അദ്ദേഹത്തെ സ്തുതിക്കുന്നു. അത്രിയും വാൽമീകിയും അഗസത്യനും ഭരദ്വാജനും ശരഭനും മറ്റും അദ്ദേഹത്തിലെ വൈഷ്ണവതേജസ്സുകണ്ടെത്തിയ രാക്ഷസന്മാരുമുണ്ട്. മാരീചനും മാല്യവാനും മുതൽ കുംഭകർണ്ണ വിഭീഷണന്മാർവരെ- ഒരു സ്തോത്ര വ്യൂഹമായി ഈ കാവ്യത്തെ കണക്കാക്കാം. ഇതിന്റെ സ്വതന്ത്രപരിഭാഷയാണ് മലയാള ഭാഷാപിതാവ് തുഞ്ചത്താചാര്യന്റെ അധ്യാത്മരാമായണം കിളിപ്പാട്ട്. മലയാളികളിൽ സർവ്വത്ര പ്രചാരമുള്ള രാമായണവും ഇതു തന്നെ . ഇതിനേക്കാൾ പ്രചാരം മറ്റൊരു രാമായണത്തിനും മലയാളക്കരയിൽ ലഭിച്ചിട്ടില്ല.

മൂലകൃതിയുടെ തനി വിവർത്തനമല്ല ഇത്. പുരോഗമന വാദിയായ എഴുത്തുകാരനു തന്റെ രചനയിൽ ചില ലക്ഷ്യങ്ങളുണ്ടാകും. താൻ ജീവിക്കുന്ന കാലം, സമൂഹം, തന്റെ ചിന്ത, ഇവയ്ക്കുമൂന്നിനും ഉചിതമാകും അത്തരം രചനകൾ. അതനുസരിച്ച് മൂലകൃതിയിൽ നിന്നു ഉപേക്ഷിക്കേണ്ടവ, ഉപേക്ഷിച്ചും, കൂട്ടിച്ചേർക്കേണ്ടവ ചേർത്തുമാണ് തുഞ്ചന്റെ വിവർത്തനം. ബോധഹീനന്മാർക്ക്, വേണ്ടിയാണ് അദ്ദേഹത്തിന്റെ വിവർത്തനം.

വിവർത്തനത്തിൽ പരിത്യജിച്ച സന്ദർഭങ്ങളിൽ രണ്ടെണ്ണം ചൂണ്ടിക്കാണിക്കാം. ദശരഥന്റെ മരണാനന്തരം, സീതാരാമലക്ഷ്മണന്മാരെ അയോധ്യയിലേയ്ക്കു തിരികെക്കൊണ്ടുവരാൻ ഭരതാദികളുടെ യാത്രയുണ്ട്. ചിത്രകൂടത്തിൽ വച്ച് കൈകേയി രാമനോടു പശ്ചാത്തപിച്ചു. ആ പശ്ചാത്താപം കിളിപ്പാട്ടിലില്ല. സാക്ഷാൽ വിധിയുടെ സന്ദേശമായി നാരദന്റെ വരവും അതിനു രാമന്റെ സമ്മതവുമുണ്ട് അയോദ്ധ്യാകാണ്ഡത്തിന്റെ തുടക്കത്തിൽ. വനവാസം രാമന്റെ വിധിയാണ്. കൈകേയി വിധി നടപ്പിലാക്കാനുള്ള ഉപകരണം മാത്രം. അപ്പോൾ കൈകേയി പശ്ചാത്തപിക്കേണ്ടതില്ലല്ലോ. രാമരാവണൻമാരുടെ അന്തിമപ്പോരാട്ടത്തിൽ രാവണനെക്കൊല്ലാൻ കഴിയാതെ ശ്രീരാമൻ വിഷമിച്ചു. ആ രാക്ഷസേശ്വരനെ വധിക്കാനുള്ള ഉപായം വിഭീഷണൻ രാമനു പറഞ്ഞുകൊടുത്തു. രാവണന്റെ നാഭിയിലുള്ള അമൃതം അസ്ത്രം തൊടുത്തുവറ്റിക്കുക, പിന്നീടു അമ്പുതൊടുത്തു ഗളച്ഛേദം ചെയ്യുക. അപ്പോൾ അയാളുടെ മൃത്യുസംഭവിക്കും. എന്നാണ് മൂലത്തിൽ. കിളിപ്പാട്ടിലാകട്ടെ, അസ്ത്രനിപുണനായ രാമൻ ഇന്ദ്രാസ്ത്രം തൊടുത്ത് രാവണനെ വധിക്കുന്നു. രാവണവധ പരാമർശത്തിലെ ഈ മാറ്റം വാല്മീകി രാമായണത്തിൽ നിന്നെടുത്തതാണ്. അതികായപരാക്രമവും ഇന്ദ്രജിത്തിന്റെ വിജയവും സംസ്കൃതത്തിലെ അധ്യാത്മരാമായണത്തിലില്ല. വാൽമീകിരാമായണത്തെ അനുകരിച്ച് ഇവ രണ്ടും കിളിപ്പാട്ടു കാരൻ സ്വീകരിച്ചു. യുദ്ധകാണ്ഡത്തിലെ സവിശേഷതകൾ-വാൽമീകിയുടെ യുദ്ധകാണ്ഡത്തിൽ ഇല്ലാത്ത;കാലനേമിയുടെ പുറപ്പാടും, രാവണന്റെ ഹോമവിഘ്നവും അധ്യാത്മ രാമായണം മൂലത്തിൽ നിന്ന് തുഞ്ചത്താചാര്യൻ തന്റെ രചനയിൽ സ്വീകരിച്ചു. ഭക്തിയോടൊപ്പം പൗരുഷവും മലയാളികളിൽ വളർത്താനായിരുന്നു ആചാര്യന്റെ രാമായണരചന.

തുടരും

ആർ കെ മണ്ണൂർ